**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2125      04.11.2019 ൽ മറുപടിക്ക്

**പാങ് പി.എച്ച്.സി.ക്ക് ലഭ്യമായ നേട്ടങ്ങളും സൗകര്യങ്ങളും**

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട മണ്ഡലത്തിലെ പാങ് പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ടോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പാങ് പി.എച്ച്.സിയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ ഭാഗമായി പാങ് പി.എച്ച്.സി.ക്ക് ലഭ്യമായ നേട്ടങ്ങളും സൗകര്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ പാങ് പി.എച്ച്.സിയിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ,ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.ടി കേന്ദ്രത്തിൽ വൈകുന്നേരം വരെ ഒ.പി, മെച്ചപ്പെട്ട ഒ.പി രജിസ്ട്രേഷൻ,സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ മുറികൾ, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ,കുടിവെള്ള സൗകര്യം, ടോയ്‌ലറ്റ് സൗകര്യം,നഴ്സ്സ് പ്രീ ചെക്കും കൗൺസിലിങ്ങും പ്രാരംഭ ട്രയാജ് ഏരിയ,വയോജന-ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് എന്നീ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പി.എച്ച്.സി.കൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത മാനദണ്ഡങ്ങൾ പാങ് പി.എച്ച്.സി.യിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | കുടുംബാരോഗ്യകേന്ദ്രമാക്കുന്ന കേന്ദ്രങ്ങൾ രോഗീ സൗഹൃദമാക്കുന്നതിനുള്ള സംവിധാനങ്ങളും അധിക ചികിത്സാ സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് ഒരുക്കി വരുന്നത്. വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷം,സൗകര്യങ്ങളുള്ള രജിസ്ട്രേഷൻ കൗണ്ടർ,ടോക്കൺ സിസ്റ്റം തുടങ്ങിയവയും സ്വകാര്യതയുള്ള കൺസൾട്ടേഷൻ റൂം, ഇൻജക്ഷൻ റൂം,ഡ്രസിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സ്സ് റൂം, നെബുലൈസേഷൻ കോർണർ, എൻ.സി.ഡി, ശ്വാസ്,ആശ്വാസം ക്ലിനിക്കുകൾക്കുള്ള സൗകര്യം, ഇമ്മ്യൂണൈസേഷൻ റൂം, ബ്രെസ്റ്റ് ഫീഡിംഗ് ഏരിയ. രോഗികൾക്കുള്ള ടോയ്‌ലറ്റ്, ഡ്രൈനേജ്,കുടിവെള്ള സംവിധാനം, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, ആരോഗ്യ ബോധവൽക്കരണത്തിനുള്ള ടെലിവിഷൻ സംവിധാനങ്ങൾ, പബ്ലിക് ഹെൽത്ത് ഏരിയ,കോൺഫറൻസ് ഹാൾ, ബയോമെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് സിസ്റ്റം എന്നീ സൗകര്യങ്ങളുമാണ് വേണ്ടത്. ഈ സൗകര്യങ്ങളെല്ലാം പാങ് കുടുംബാരോഗ്യകേന്ദ്രത്തിൽ ലഭ്യമായിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ